പുതിയങ്ങാടി ഫിഷിംഗ് ഹാർബർ പദ്ധതി

111 (116) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏജൻസിയായ പൂനെയിലെ CWPRS നടത്തിയ പഠനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) എപ്പോഴേക്ക് പഠനങ്ങൾ പൂർത്തിയാക്കുവാൻ കഴിയും;

(സി) പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS പൂനെ പഠനം നടത്തി വരികയാണ്. ഇതിനായി Tidal details, Current data, Salinity, Suspended Sediments തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുവരികയാണ്. ഇത് CWPRS-ന് നൽകിയ ശേഷം ആറുമാസത്തിനകം പഠന റിപ്പോർട്ട് ലഭിക്കുന്നതാണ്.

(ബി) പഠനം പൂർത്തിയാക്കുന്നതിനാവശ്യമായ ഡേറ്റാ ശേഖരിച്ചുവരുന്നു. കാലവർഷത്തിനുമുമ്പും ശേഷവുമുള്ള കറന്റ് ഡേറ്റ ശേഖരിച്ചതിനുശേഷം ആയത് CWPRS-ന് കൈമാറി ആറുമാസത്തിനകം പഠനം പൂർത്തിയാക്കാമെന്നാണ് CWPRS അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് CWPRS-ന്റെ മാതൃകാപഠനം ലഭിച്ചതിനുശേഷം പരിസ്ഥിതിപഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റ് ഏജൻസി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS-ൽനിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly